# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.581 03/03/2020-ൽ മറുപടിക്ക്

### മൂലമറ്റം വൈദ്യുതി നിലയത്തിൽ പൊട്ടിത്തെറി

| | ചോദ്യം<br><br>**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മൂലമറ്റം വൈദ്യുതി നിലയത്തിൽ തുടരെ തുടരെ പൊട്ടിത്തെറി ഉണ്ടാകുന്നതും അത് മൂലം ജനറേറ്ററുകളുടെ പ്രവർത്തനം നിലക്കുന്നതുമായ സാഹചര്യം ഗൗരവമായി പരിശോധിച്ചിട്ടുണ്ടോ; | (എ) | ഇതു സംബന്ധിച്ച സാഹചര്യങ്ങൾ പരിശോധിച്ചു വരുന്നു. വിദഗ്ദ്ധ സമിതിയുടെ അന്വേഷണം നടന്നു വരുന്നു. |
| (ബി) | കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര തവണ പൊട്ടിത്തെറി മൂലം വൈദ്യുതി ഉല്പാദനം നിർത്തിവെയ്ക്കേണ്ട സാഹചര്യമുണ്ടായെന്ന് വെളിപ്പെടുത്താമോ; | (ബി) | കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ 20.01.2020-ലും 01.02.2020-ലുമായി രണ്ടു തവണ പൊട്ടിത്തെറികൾ ഉണ്ടായ സമയത്ത് വൈദ്യുതോല്പാദനം നിർത്തി വയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; പ്രസ്തുത അന്വേഷണത്തിൽ വെളിവായ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | ഇതു സംബന്ധിച്ച് ബോർഡ് നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ അന്വേഷണം പുരോഗമിച്ചു വരുന്നു. റിപ്പോർട്ട് കിട്ടിയിട്ടില്ല. |

സെക്ഷൻ ഓഫീസർ